## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*226 — 19.06.2013-ൽ മറുപടിക്ക്.

### മിനിമം വേജസ് നിർണ്ണയിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. സി. കൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് മിനിമം വേജസ് നിർണ്ണയിക്കാൻ അർഹതപ്പെട്ടതായി എത്ര വിഭാഗം തൊഴിലാളികളുണ്ട് ; | (എ) സംസ്ഥാനത്ത് മിനിമം വേജസ് ഷെഡ്യൂളിൽ പുതുതായി ഉൾപ്പെടുത്തിയ അഞ്ചു മേഖലയടക്കം 87 വിഭാഗം തൊഴിൽ മേഖലകളുണ്ട്. |
| ബി) 2006-2011 കാലത്ത് എത്ര വിഭാഗം തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിക്കാനോ പുനർനിർണ്ണയം ചെയ്യാനോ ഉള്ള ശുപാർശകൾ സർക്കാരിന് ലഭിച്ചു; ശുപാർശകളുടെ അടിസ്ഥാനത്തിൽ 2006-11 കാലയളവിൽ എത്രയെണ്ണം നോട്ടിഫൈ ചെയ്തു; 2011-നു ശേഷം എത്ര വിഭാഗങ്ങളുടെ മിനിമം വേജസ് നോട്ടിഫൈ ചെയ്തു; | (ബി) 2006-2011 കാലയളവിൽ 72 വിഭാഗം തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിക്കപ്പെടുകയോ പുനർനിശ്ചയിക്കപ്പെടുകയോ ചെയ്തുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 2006 മുതൽ 2011 മേയ് 31 വരെ 43 എണ്ണവും 2011 ജൂൺ മുതൽ 2011 ഡിസംബർ 31 വരെ 29 എണ്ണവും ഉത്തരവായിട്ടുള്ളതാണ്. 2011 ന് ശേഷം കയർ മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര വിഭാഗങ്ങൾക്ക് പുതുതായി മിനിമം വേജസ് നിശ്ചയിച്ചുവെന്നു വിശദമാക്കാമോ ; | (സി) 21 വിഭാഗം. |
| ഡി) മിനിമം വേജസ് പുനർനിർണ്ണയം ചെയ്യുന്നതിനുള്ള കാലപരിധി കഴിഞ്ഞ എത്ര വിഭാഗങ്ങൾ ഇപ്പോഴുണ്ട്; ആ വിഭാഗങ്ങൾക്ക് മിനിമം വേജസ് പുനർനിർണ്ണയം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | ഡി) മിനിമം വേതനം പുനർനിർണ്ണയിക്കുന്നതിന് 5 വർഷം പൂർത്തിയാക്കിയ രണ്ട് മേഖലകളുണ്ട്. ഈ വിഭാഗങ്ങൾക്ക് മിനിമം വേതനം പുനർനിർണ്ണയം ചെയ്യുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.